## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1626 **05.02.2019 ൽ** മറുപടിക്ക്

## തലസ്ഥാനത്തെ തെരുവ് നായ്ക്കളുടെ വന്ധ്യംകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. വിൻസെന്റ്** | **എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| എ) | തലസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ആക്രമണം വർദ്ധിക്കുമ്പോഴും നഗര സഭയുടെ എ.ബി.സി. പ്രോഗ്രാം മെല്ലെപ്പോക്കിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) 2017 ഡിസംബർ മുതൽ പേട്ടയിൽ പ്രവർത്തിച്ചിരുന്ന ഓപ്പറേഷൻ തീയറ്ററിന്റെ പ്രവർത്തനം നിലച്ചതുമൂലം ശസ്ത്രക്രിയ നടപടികൾ പേട്ടയിൽനിന്നും തിരുവല്ലത്തേയ്ക്ക് മാറ്റേണ്ടി വന്നതിനാൽ ചെറിയ കാലയളവിൽ, എ.ബി.സി പ്രോഗ്രാമിന്റെ നടത്തിപ്പിൽ ഭാഗികമായി തടസ്സമുണ്ടായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 600-ഓളം നായ്ക്കളെ വന്ധ്യംകരണം ചെയ്തിട്ടുണ്ട്. |
| ബി) | തലസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിലാണ് നിലവിൽ എ.ബി.സി. പ്രോഗ്രാം അനുസരിച്ചുള്ള വന്ധ്യംകരണം നടക്കുന്നത്; | ബി) പേട്ട, തിരുവല്ലം ആശുപത്രികളിലാണ് നിലവിൽ എ.ബി.സി. പ്രോഗ്രാം അനുസരിച്ചുള്ള വന്ധ്യംകരണം നടക്കുന്നത്. |
| സി) | തലസ്ഥാനത്ത് എത്ര തെരുവ് നായ്ക്കൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്; അവയിൽ എത്രയെണ്ണത്തെ 2018 വരെ വന്ധ്യംകരിക്കുവാൻ സാധിച്ചിട്ടുണ്ട്; | സി) 2016-17 സർവ്വെ പ്രകാരം തലസ്ഥാനത്ത് 9500 നായ്ക്കളിൽ ഉദ്ദേശം 4500 നായ്ക്കളെ വന്ധ്യംകരണം നടത്തിയിട്ടുണ്ട്. |
| ഡി) | നഗരസഭ ഇതിനായി ആവിഷ്കരിച്ച പദ്ധതി ലക്ഷ്യം കാണാതെ പരാജയപ്പെട്ട സാഹചര്യത്തിൽ ഇക്കാര്യത്തിനായി എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്? | ഡി) പേട്ട മൃഗാശുപത്രിയോട് ചേർന്ന സർജറി തീയേറ്റർ പൊളിച്ചുമാറ്റിയത് കാരണം വന്ധ്യംകരണ പ്രക്രിയ ഭാഗീകമായി തടസ്സപ്പെട്ടിരുന്നു. പിന്നീട് സർജറി യൂണിറ്റ് തിരുവല്ലം മൃഗാശുപത്രിയിലേക്ക് മാറ്റുകയും അവിടെ സർജറി യൂണിറ്റ് വിജയകരമായി |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ച് വരികയുമാണ്. അതോടൊപ്പം പേട്ടയിൽ പുതിയ ഓപ്പറേഷൻ തിയേറ്ററിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി തിരുവല്ലത്തെ പോലെ തന്നെ അവിടെയും നല്ലരീതിയിൽ സർജറി ചെയ്തു തുടങ്ങാൻ സാധിക്കും. മറ്റു മൃഗാശുപത്രികളിലും സർജറി ചെയ്യുവാനുള്ള ക്രമീകരണങ്ങൾ നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ